കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

നവംബർ 2020 വാല്യം 59 ലക്കം 11

Nov 22

FEAST OF CHRIST THE KING





നാമഹേതുകതിരുനാൾ
ആഘോഷിക്കുന്ന
**മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിലച്ചന്**
രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

നവംബർ 2020 വാല്യം 59 ലക്കം 11



## ഉള്ളടക്കം


5 രൂപതക്കച്ചേരി
7 മൈനർ സെമിനാരി
7 വിജ്ഞാനഭവൻ
9 കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി
9 സോഷ്യൽ സർവീസ്
14 ചെറുപുഷ്പ മിഷൻലീഗ്
17 കെ. സി. എസ്. എൽ.
19 ഫാമിലി അപ്പോസ്റ്റലേറ്റ്
20 മാതൃവേദി
20 ഡി. സി. എം. എസ്
21 ഡി. എഫ്. സി.
27 യുവദീപ്തി
28 ജീസസ് യൂത്ത്
29 കത്തോലിക്കാകോൺഗ്രസ്
31 അല്മായ ഫ്രാൻസിസ്കൻ സഭ
32 പ്രാർത്ഥനാഗ്രൂപ്പ്
33 കേരള ലേബർ മൂവ്മെന്റ്
34 തിരുനാൾ മംഗളങ്ങൾ
34 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

### നവംബർ

Page 6 വിവാഹഘോഷം മുടക്ക്

## തിരുനാളുകൾ




**3**
**വി. മാർട്ടിൻ ഡി പോറസ്**




**13**
**വി. സ്റ്റനിസ്ലാവൂസ് കോസ്ക**





**4**
**വി. ചാൾസ് ബൊറോമിയോ**




**22**
**വി. സിസിലിയ**



**5**
**വി. സഖറിയയും**
**വി. എലിസബത്തും**




**30**
**വി. അന്ത്രയോസ് ശ്ലീഹ**

# രൂപതക്കച്ചേരി

## *C. 42/2020* ജൂബിലി ആശംസകൾ

പൗരോഹിത്യശുശ്രൂഷയിൽ 50 വർഷം പൂർത്തിയാക്കി ഈ വർഷം സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹു. ഫ്രാൻസിസ് അത്തിക്കലച്ചനും ബഹു. മാത്യു പോത്തനാമുഴിയച്ചനും ബഹു. ജോസഫ് നെല്ലിക്കുന്നേലച്ചനും, രജത ജൂബിലി ആഘോഷിക്കുന്ന ബഹു. പോൾ എടത്തൊട്ടിയച്ചനും ബഹു. ജോസഫ് നെടുംപുറം അച്ചനും ബഹു. ജോർജ്ജ് കടുകുംമാക്കലച്ചനും രൂപതാകുടുംബത്തിന്റെ പേരിൽ പ്രാർത്ഥനാമംഗളങ്ങൾ നേരുകയും ഇവരുടെ വിലയേറിയ സേവനങ്ങൾക്ക് നന്ദിപറയുകയും ചെയ്യുന്നു.

*Bishop*

## *C. 43/2020* Annual Retreat for Priests - November 16-20, 2020

The annual retreat for all priests of our diocese is scheduled for five days from November 16 Monday morning to November 20 Friday afternoon. Due to the Covid 19 pandemic situation this year it is an *online retreat* and all priests of the diocese are expected to take part in it. In case anyone wants exemption from it owing to some grave reasons, he may inform the Eparchial Curia in writing.

Bishop Mar Raphael Thattil has graciously consented to give the talks and reflections during the retreat days. Three talks are arranged, at 09.00 am, 11.00 am, & 06.00 pm every day from Monday to Thursday.

On Friday, November 20, 2020, the Priests *may gather* at their Forane Churches for Confession, Adoration and the Concluding Prayer. The Forane Vicars may kindly make necessary arrangements for the same.

Rev. Fathers may celebrate the Holy Mass every morning for the parish community, and may take leave from all other pastoral activities during the retreat days. The Fathers are invited to follow a special time-table for all other spiritual exercises such as liturgy of the hours,

personal prayer, spiritual reading, adoration, etc in order to maintain the spiritual atmosphere of the annual retreat.

All priests are to bring their Mass Account book and Confession Patent to the Eparchial Curia for approval and renewal before December 31, 2020. Similarly Rev. Fathers are to fulfill the following Mass intentions and report to the Eparchial Curia before December 31, 2020.

1. For the priests of the Eparchy - 1
2. *Ad intentionem episcopi* - 4 (Amount to be used for charitable works of the diocese)

All the faithful in the Eparchy may be reminded to pray for the Presbyters who participate in the retreat. The Parish Priests may inform the faithful that the Parish Office and the Eparchial Curia are closed during the days of the Common Retreat.

*Protosyncellus*

### *C. 44/2020* വിവാഹാഘോഷം മുടക്ക്

ഡിസംബർ 1-ാം തീയതി 25 നോമ്പ് ആരംഭിക്കുന്നതിനാൽ ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്ക് ആയിരിക്കും.

*Bishop*

### *Pr. C.4/2020* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on 15th December 2020. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2020.

*Secretary*

### *PC. 3/2020* Meeting of the Pastoral Council

An ordinary meeting of the Pastoral Council will be held on 19th December 2020. The members are cordially invited. Topics to be included in the agenda may be sent to the secretary before November 30, 2020.

*Secretary*

# മൈനർ സെമിനാരി

*MS 25 /2020* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Very Rev. Fr. Joseph Mulanjanany | ₹ | 10,000 |
| 2 | One Benefactor | ₹ | 20,000 |
| 3 | Dr. Thomas Abraham, St. Mary's Hospital, Thodupuzha | ₹ | 10,000 |
| 4 | Rev. Fr. Paul Alilakuzhy, Germany | ₹ | 4,00,000 |
| 5 | Francis Kavumpuram in memory of Bro. Jose Kavumpuram | ₹ | 2,000 |
| 6 | One Benefactor | ₹ | 1,000 |
| 7 | One Benefactor | ₹ | 5,000 |

*Rector*

# വിജ്ഞാനഭവൻ

*V. 69/2020* **വിശ്വാസപരിശീലകദിനം**

വിശ്വാസപരിശീലകരുടെ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ നവംബർ 4 ബുധനാഴ്ചയാണ്. നവംബർ 8-ാം തീയതി ഞായറാഴ്ച വിശ്വാസപരിശീലകദിനമായി ആചരിക്കാവുന്നതാണ്. വിശ്വാസപരിശീലകർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും വിശ്വാസപരിശീലനശുശ്രൂഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് വിശ്വാസപരിശീലകരെയും മറ്റുള്ളവരെയും ബോധവൽക്കരിക്കുവാനുമുള്ള അവസരമായി ഇത് മാറണം. ഈ ദിവസം വിശ്വാസപരിശീലകർ തങ്ങളുടെ സമർപ്പണം നവീകരിക്കുന്നതും വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ആശംസകൾ നേരുന്നതും ഉചിതമാണ്.

*V. 70/2020* **വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയായവർ സൈറ്റിൽ നിന്നും ഫോം പ്രിന്റെടുത്ത് പൂരി

പ്പിച്ച് അദ്ധ്യാപക ക്വിസ്സിന്റെ ഉത്തരക്കടലാസിനൊപ്പം തരേണ്ടതാണ്. പിന്നീട് കിട്ടുന്നത് ദൈവരാജ്യത്തിൽ ചേർക്കുവാൻ സാധിക്കുന്നതല്ല.

സർവീസ് ബുക്കിന്റെ കോപ്പി ഇല്ലാത്തവ സ്വീകരിക്കുന്നതല്ല. സർവീസ് ബുക്കിന്റെ കോപ്പിയിൽ ഫോട്ടോ പതിച്ച പേജ്, വികാരിയച്ചൻ ഒപ്പിട്ട പേജ് എന്നിവ ഉണ്ടായിരിക്കണം.

NB: പ്രിന്റ് എടുത്ത് തരുന്ന പേപ്പറിൽ വികാരിയച്ചന്റെ ഒപ്പ് വേണം.

*V.71/2020* **1-ാം സെമസ്റ്റർ പരീക്ഷാഫലം, സേ പരീക്ഷ**

| | | |
|---|---|---|
| 1-ാം സെമസ്റ്റർ പരീക്ഷാഫലം | : | നവംബർ 14 ശനി |
| സേ പരീക്ഷ രജിസ്ട്രേഷൻ ആരംഭിക്കുന്നു | : | നവംബർ 14 ശനി |
| സേ പരീക്ഷ രജിസ്ട്രേഷൻ അവസാനിക്കുന്നു | : | നവംബർ 20 വെള്ളി |
| സേ പരീക്ഷ | : | നവംബർ 22 ഞായർ |

മറ്റു കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*V. 72/2020* **പുസ്തകങ്ങളുടെ ഓർഡർ**

വിശ്വാസോത്സവം, സൺഡേസ്കൂൾ, ഉപപാഠം, ബൈബിൾ നേഴ്സറി എന്നീ പുസ്തകങ്ങളുടെ ഓർഡർ നവംബർ 10-ന് മുമ്പ് സൈറ്റിൽ enter ചെയ്യേണ്ടതാണ്. പ്രിന്റ് വിജ്ഞാനഭവൻ ഓഫീസിൽ എടുക്കുന്നതാണ്.

*V. 73 /2020* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം - നവംബർ 1**

| | | |
|---|---|---|
| **ഇടവകതലം** | : | **2020 നവംബർ 1 ഞായർ** |
| **സമയം** | : | **11.00 am - 12.00 noon** (അതാത് ഇടവകകളിൽ). |
| **രൂപതാതലം** | : | **2020 ഡിസംബർ 12 ശനി** |
| **സമയം** | : | **10.30 am - 12.00 noon** |
| **സ്ഥലം** | : | **വിജ്ഞാനഭവൻ കേന്ദ്രം** |

*V. 74/2020* **SMC പ്രതിഭാസംഗമം**

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഇത്തവണത്തെ പ്രതിഭാ പുരസ്ക്കാര അവാർഡിനായുള്ള പരിശീലനക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല.

*V. 75/2020* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

ആദ്യകുർബാനസ്വീകരണ പുസ്തകം, കുർബാന പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.24/2020*

നമ്മുടെ കോർപ്പറേറ്റിലെ സ്കൂളുകളിലെ ഓൺലൈൻ ക്ലാസ്സുകളിലും തുടർപ്രവർത്തനങ്ങളിലും എല്ലാ അദ്ധ്യാപകരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടായിരിക്കണം. HSS, HS വിഭാഗങ്ങളിലെ സ്റ്റാഫിനെ പങ്കെടുപ്പിച്ചുകൊണ്ട് ബഹു. സെക്രട്ടറിയച്ചന്റെ നേതൃത്വത്തിൽ Google meet നടന്നുവരുന്നു. വരും ദിവസങ്ങളിൽ മറ്റു വിഭാഗങ്ങൾക്കും ഉണ്ടായിരിക്കുന്നതാണ്.

*Secretary*

## സോഷ്യൽ സർവീസ്

*SS. 42/2020* **FPO രൂപീകരിച്ചു**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ ഫൊറോനയിൽ കാരക്കുന്നത്ത് ആദ്യ Farmer Producer Organization (FPO) രൂപം കൊണ്ടു. സർക്കാർ സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നതിനാൽ ഫൊറോനയുടെ അതിർത്തി പരിഗണിക്കുന്നതോടൊപ്പം മൂവാറ്റുപുഴ, കോതമംഗലം മുനിസിപ്പാലിറ്റികളും പായിപ്ര, വാരപ്പെട്ടി, ആയവന, കല്ലൂർക്കാട് പഞ്ചായത്തുകളും ഉൾപ്പെടുന്ന പ്രദേശമാണ് പ്രവർത്തനപരിധിയിൽ

വരുന്നത്. 'മോചന' കെട്ടിടവും 10 സെന്റ് സ്ഥലവും 15 വർഷത്തേക്ക് ലീസിന് എടുത്താണ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. കപ്പ, ചക്ക, തേങ്ങ, പച്ചക്കറികൾ, മാംസം എന്നിവ ഉണങ്ങുവാൻ ഉപയോഗിക്കുന്ന ഡ്രയർ ഉടനെ സ്ഥാപിക്കും. ഇതിനുള്ള ഷെഡിന്റെ പണികൾ നടന്നു വരുന്നു. ഇതിനോടൊപ്പം പാലാ രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രൂപം കൊണ്ട് പ്രവർത്തിച്ചുവരുന്ന കർഷക കൂട്ടായ്മകൾ ഉൽപാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ വിപണനവും 'മോചന' കെട്ടിടത്തിൽ ക്രമീകരിക്കുന്നതാണ്.

എല്ലാവരുടെയും സഹായസഹകരണങ്ങൾ ഈ FPO-യ്ക്ക് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇത് രൂപീകരിക്കുവാൻ മുൻകൈയെടുത്ത കാരക്കുന്നം പള്ളി വികാരി ഫാ. ജോസഫ് വെള്ളിയാംതടം, മൂവാറ്റുപുഴ ഫൊറോന വികാരി ഫാ. ജോസഫ് മുളഞ്ഞനാനി, ഫൊറോനയിലെ വിവിധ ഇടവകകളിലെയും സ്ഥാപനങ്ങളിലെയും വൈദികർ, കൈക്കാരന്മാർ എന്നിവർക്ക് പ്രത്യേകമായ നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

**FIG, FPO എന്നിവയുടെ രൂപീകരണം**

കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും അടുത്ത നാളുകളിൽ Farmer Producer Organization (FPO) നുകളെ ഏറെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ 50 പുതിയ FPO കൾ രൂപീകരിക്കുമെന്ന് കേരളസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

**പൊതുനിർദ്ദേശങ്ങൾ**

1) സർക്കാരിന്റെ FPO Policy അനുസരിച്ച് ഒരു FIG (Farmer Interest Group = കർഷക താല്പര്യ സംഘം) യിൽ 10 മുതൽ 20 വരെ അംഗങ്ങളാണ് വേണ്ടത്.
2) ഒരു നിശ്ചിത പ്രദേശത്തുള്ള 10 മുതൽ 50 വരെ FIG കൾ ചേർന്നാണ് ഒരു FPO (Farmer Producer Organization = കർഷക ഉല്പാദക സംഘം) രൂപീകരിക്കുന്നത്.
3) കാർഷിക ഉൽപന്നങ്ങളുടെ ഉൽപാദനം, സംഭരണം, സംസ്കരണം,

വിപണനം എന്നീ കാര്യങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിനാണ് FIG കളും FPO കളും രൂപീകരിക്കുന്നത്.

4) ഓരോ FIG യ്ക്കും മുൻപറഞ്ഞ നാലു കാര്യങ്ങളുമായി ബന്ധപ്പെട്ട ഓരോ ദൗത്യം ഏറ്റെടുത്ത് സ്വതന്ത്രമായി പ്രവർത്തിക്കാവുന്നതാണ്. ഉദാഹരണമായി, കാരക്കുന്നത്ത് ആരംഭിച്ചിട്ടുള്ള മൂല്യവർദ്ധനവിനുള്ള യൂണിറ്റും സെയിൽസ് സ്റ്റാളും കാരക്കുന്നത്തുള്ള JEEVA FIG യുടെ പ്രവർത്തനപദ്ധതിയാണ്. ഈ FIG യാണ് കെട്ടിടം ലീസിന് എടുക്കുകയും ഷെഡ് പണിയുകയും യന്ത്രസാമഗ്രികൾ വാങ്ങിക്കുകയും സ്റ്റാളിനുള്ള ക്രമീകരണങ്ങൾ ഒരുക്കുകയും മുതൽമുടക്കുകയും ചെയ്തിരിക്കുന്നത്. ഇതേപോലെ മറ്റു FIG കൾക്കും പ്രവർത്തിക്കാവുന്നതാണ്. നിയമപരമായ കാര്യങ്ങൾ അവരവർ ശ്രദ്ധിക്കേണ്ടതാണ്. FPO യിലെ ഒരു യൂണിറ്റ് ചെയ്യുന്ന പ്രവർത്തനങ്ങൾതന്നെ അതേ FPO യിലെ മറ്റു യൂണിറ്റുകൾ ചെയ്യാതിരിക്കുന്നതാണ് പ്രസ്ഥാനത്തിന്റെ പൊതുവായ വളർച്ചയ്ക്ക് നല്ലത്. അതിനാൽ ഓരോ FIG യും പ്രവർത്തനപദ്ധതി തയ്യാറാക്കുമ്പോൾ കേന്ദ്രഭാരവാഹികളുമായി ചർച്ച ചെയ്ത് തീരുമാനിക്കണം. ഓരോ FIG യുടെയും പ്രവർത്തനങ്ങളോട് മറ്റ് FIG കൾ സഹകരിക്കണം.

5) സർക്കാർ നിർദ്ദേശങ്ങൾ ലഭിക്കുന്നതനുസരിച്ച് എല്ലാ FIG കളുടെയും ഭാരവാഹികളെ ഒരുമിച്ചുകൂട്ടി FPO യുടെ പൊതുവായ പ്രവർത്തനപദ്ധതികൾ രൂപീകരിക്കുന്നതാണ്. FPO-യുടെ കേന്ദ്ര ഓഫീസ് കാരക്കുന്നം JEEVA FIG ലീസിന് എടുത്തിരിക്കുന്ന കാരക്കുന്നത്തുള്ള കെട്ടിടത്തിലായിരിക്കും.

6) സർക്കാരിന്റെ FPO പോളിസിയനുസരിച്ചുള്ള ഷെയർ തുക (നിലവിൽ ₹ 2000) എല്ലാ അംഗങ്ങളും സർക്കാർ നിർദ്ദേശിക്കുന്ന സമയത്ത് നൽകേണ്ടതാണ്.

*SS. 43/2020* **"ഓരോ വീട്ടിലും ഓരോ മീൻകുളം പദ്ധതി"**
**(Ferrotech Fish Pond)**

അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ കേന്ദ്രത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക സഹായവും സ്വീകരിച്ച് പലയിടത്തും

നടപ്പിലാക്കുന്ന മത്സ്യക്കൃഷി പദ്ധതി കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നമ്മുടെ ഇടവകകളിൽ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നു. മോഡൽ മീൻകുളങ്ങൾ ബിഷപ്സ് ഹൗസിന് മുമ്പിലായി ജീവ നേഴ്സറിയോടു ചേർന്ന് നിർമ്മിച്ചിട്ടുണ്ട്. മൂന്നു മീറ്ററും അഞ്ചുമീറ്ററും വ്യാസമുള്ള കുളങ്ങളാണ് ഇവിടെ നിർമ്മിച്ചിരിക്കുന്നത്.

**പ്രത്യേകതകൾ**

- ആവശ്യാനുസരണം ചെറുതും വലുതുമായി പല വലുപ്പത്തിൽ നിർമ്മിക്കാം.
- മീൻകുളത്തിൽ അടിയുന്ന മാലിന്യങ്ങൾ സ്വമേധയാ പുറന്തള്ളുന്നതിന് ഇണങ്ങുന്ന സാങ്കേതിക വിദ്യ
- മലിന ജലം പച്ചക്കറിക്ക് വളമായി ഉപയോഗിക്കുവാൻ സൗകര്യം
- വീട്ടിലെ ഭക്ഷണാവശിഷ്ടവും ഇലകളും കൊടുത്തു വളർത്താനുള്ള സൗകര്യം

## മീൻകുളം-നിർമ്മാണ ചെലവ്

| ക്രമ നമ്പർ | അടിക്കണക്കിൽ | | വെള്ളത്തിന്റെ അളവ് (ലിറ്റർ) | പ്രതീക്ഷിക്കുന്ന ചെലവ് | വളർത്താവുന്ന മത്സ്യങ്ങളുടെ എണ്ണം | |
|---|---|---|---|---|---|---|
| | വ്യാസം | പൊക്കം | | | പമ്പ് ഇല്ലാതെ | പമ്പ് വച്ച് |
| 1 | 10 | 2 | 5000 | 20000 | 150 | 250 |
| 2 | 10 | 3 | 7500 | 24000 | 200 | 350 |
| 3 | 12 | 2 | 7500 | 26000 | 250 | 450 |
| 4 | 12 | 3 | 10900 | 32000 | 300 | 500 |
| 5 | 15 | 2 | 12500 | 38000 | 500 | 750 |
| 6 | 15 | 3 | 17500 | 44000 | 600 | 900 |

NB: സാധാരണഗതിയിലുള്ള ചെലവാണ് കാണിച്ചിരിക്കുന്നത്. തറ നിരപ്പിൽ നിന്നും കുഴി എടുക്കുന്നതിന്റെ പണിക്കൂലി അധികമായി നൽകേണ്ടതാണ്. കുളം നിർമ്മിക്കേണ്ട സ്ഥലം നിർണ്ണയിച്ചശേഷം

മാത്രം പണിക്കൂലി നിശ്ചയിക്കാവുന്നതാണ്. സാധാരണയുള്ള 5 മീറ്ററിൽ കൂടുതൽ പൈപ്പ് ഉപയോഗിക്കേണ്ടി വന്നാൽ അതിന്റെ ചെലവ് ഉടമസ്ഥൻ വഹിക്കേണ്ടതാണ്. കുളം കവറു ചെയ്യാനുള്ള നെറ്റ് (വല) ഉടമസ്ഥൻ സ്വന്തം ചെലവിൽ കരുതുകയൊ അതിനുള്ള ക്രമീകരണം നടത്തുകയൊ ചെയ്യേണ്ടതാണ്. കുളം നിർമ്മിക്കുന്ന സ്ഥലത്ത് വാഹനം എത്തുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം. അല്ലാത്ത പക്ഷം ഉണ്ടായേക്കാവുന്ന ചുമട്ടുകൂലി ചെലവുകൾ ഉടമസ്ഥൻ ആയിരിക്കും വഹിക്കേണ്ടി വരിക. പണിചെയ്യുന്നവർക്കുള്ള താമസസൗകര്യവും ഭക്ഷണവും നൽകേണ്ടതാണ്. ഒരു കുളം നിർമ്മിക്കുവാൻ 6 ദിവസം വേണ്ടിവരും.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9446720182, 8281358142**

*SS. 44/2020* **ഫെറോസിമന്റ് മഴവെള്ള സംഭരണി**

ഫെറോസ്ലാബ് ടെക്നോളജി ഉപയോഗിച്ച് മഴവെള്ള സംഭരണി നിർമ്മിച്ചു നൽകുന്നതാണ്. 10000 ലിറ്ററിന്റെ സംഭരണിക്ക് 50000 രൂപ ചെലവ് വരും. ഏതു വലുത്തിലും നിർമ്മിച്ചു നൽകുന്നതാണ്. (ഒരു ലിറ്ററിന് അഞ്ചു രൂപയാണ് ചാർജ്ജ്)

*SS. 44/2020* **കാടക്കോഴി വളർത്തൽ പദ്ധതി വിലവിവരം**

| | കാടക്കൂട് | കൂടിന്റെ വില | കാടയുടെ വില | ആകെ വില |
|---|---|---|---|---|
| 1. | 100 കാടകളെ ഇടാവുന്നത് Model - I | 6500 | 100 X 40 = 4000 | 10500 |
| 2. | 100 കാടകളെ ഇടാവുന്നത് Model - II | 4500 | 100 X40 = 4000 | 8500 |
| 3. | 50 കാടകളെ ഇടാവുന്നത് | 2600 | 50 X 40 = 2000 | 4600 |
| 4. | 25 കാടകളെ ഇടാവുന്നത് | 1250 | 25 X 40 = 1000 | 2250 |
| 5. | കാടക്കൂടിന്റെ മേൽക്കൂര (ആവശ്യമെങ്കിൽ മാത്രം) | 2000 | – | 2000 |

♦ മുകളിൽ കൊടുത്തിരിക്കുന്ന വില കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും കാടകളും കൂടും ഇപ്പോൾ

ലഭിക്കുന്ന വിലയാണ്. മാർക്കറ്റ് വില മാറുന്നതനുസരിച്ച് തുകയിൽ മാറ്റം വരാവുന്നതാണ്.

- ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അവരവർ വഹിക്കേണ്ടതാണ്.
- മുൻകൂട്ടി ബുക്കിംഗ് നിർബന്ധമാണ്. കാടകളെ അവരവർക്കു തന്നെ വാങ്ങിക്കാവുന്നതാണ്. കൂടുകൾ തന്നെയായും ഇവിടെ നിന്നും നൽകുന്നതാണ്.
- കൂടുകൾ ബുക്കു ചെയ്താൽ രണ്ടാഴ്ചക്കകം നിർമ്മിച്ചുനൽകുന്നതാണ്. കാടകളെ ബുക്കു ചെയ്താൽ, ഹാച്ചറിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്കേ നൽകാൻ സാധിക്കുകയുള്ളൂ.
- നാലാഴ്ച പ്രായമുള്ള കാടകളെയാണ് സാധാരണഗതിയിൽ ഇവിടെ നിന്നും നൽകുന്നത്. പകുതി കാടകളെങ്കിലും മുട്ടയിടുന്നതുവരെ ഇവയ്ക്ക് നൽകേണ്ടതായ തീറ്റ Starter ആണ്. മൂന്ന് ആഴ്ചകഴിയുമ്പോൾ മുട്ടയിടും. തുടർന്ന് കാടത്തീറ്റ കൊടുക്കുക.
- Groviplex, Vimral എന്നീ വിറ്റാമിൻ മരുന്നുകൾ കാടയുടെ കുടിവെള്ളത്തിൽ ചേർത്ത് കൊടുക്കുന്നത് നല്ലതാണ്. 100 കാടയുണ്ടെങ്കിൽ Groviplex 5ml-ഉം, Vimral 3ml -ഉം കൊടുക്കുക.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9446720182, 8281358142**

*Director*

---

# ചെറുപുഷ്പ മിഷൻലീഗ്

*CML 63/2020* **ലോകസമാധാന ദിനാചരണം**

ചെറുപുഷ്പ മിഷൻലീഗ് ചീനിക്കുഴി ശാഖയോട് ചേർന്ന് രൂപതാ കുടുംബം ലോകസമാധാന ദിനാചരണം നടത്തി. ഒരു മിനിറ്റ് നേരം തിരി കത്തിച്ച് പ്രാർത്ഥിക്കുകയും ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കുകയും ചെയ്തു.

*CML 64/2020*

മിഷൻലീഗ് പ്രവർത്തന വിലയിരുത്തലിൽ Category A-യിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നത് ആരക്കുഴ, കരിമണ്ണൂർ

ശാഖകളാണ്. October ലക്കം 'ദൈവരാജ്യ'ത്തിൽ ആരക്കുഴ ശാഖയുടെ പേരു വിട്ടുപോയി എന്ന വിവരം ഖേദപൂർവ്വം അറിയിക്കുന്നു.

*CML 65/2020* **മൺപാത്രത്തിലെ നിധി**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ കുട്ടികളിൽ ദൈവവിളി പ്രോത്സാഹനത്തിനായി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ദൈവവിളിയെക്കുറിച്ചുള്ള ഒരു ഇന്റർവ്യൂ പ്രോഗ്രം ആണ് 'മൺപാത്രത്തിലെ നിധി.' ഇതിന്റെ രണ്ടാമത്തെ എപ്പിസോഡ് ബഹു. ജോർജ് കാരക്കുന്നേലച്ചനുമായി നടത്തി. ബഹു. കാരക്കുന്നേലച്ചന് രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

*CML 66/2020* **ഇടവകയ്ക്ക് ഒരു ബൈബിൾ**

രൂപതയിലെ 80-ന് അടുത്ത ഇടവകകൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞ പദ്ധതിയാണ് ഇടവകയ്ക്ക് ഒരു ബൈബിൾ എന്ന ബൈബിൾ കൈയെഴുത്തുപ്രതി നിർമ്മാണം. റെക്കോർഡ് വേഗത്തിൽ തൊടുപുഴ, മലയിഞ്ചി, കോതമംഗലം, ആയവന, കദളിക്കാട്, വാഴപ്പിള്ളി, ചെപ്പുകുളം, ഏനാനല്ലൂർ, വടാട്ടുപാറ, ചീനിക്കുഴി, പുലിയൻപാറ എന്നീ ശാഖകൾ ബൈബിളിന്റെ കൈയെഴുത്തുപ്രതി നിർമ്മിച്ചു കഴിഞ്ഞു. 11 ശാഖകൾക്കും രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

*CML 67/2020* **പരിശുദ്ധ കന്യകയേ**

ചെറുപുഷ്പ മിഷൻലീഗ് മിഷൻ ബാൻഡിന്റെ നേതൃത്വത്തിൽ ഒക്ടോബർ 7 ന് 'പരിശുദ്ധ കന്യകയേ' എന്ന മരിയൻ ഭക്തിഗാനം റീലീസ് ചെയ്യുന്നതിനും പതിനായിരക്കണക്കിന് ആളുകളിലേയ്ക്ക് എത്തിക്കുന്നതിനും സാധിച്ചു. ഈ സംരംഭത്തോട് സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

*CML 68/2020* **EI-MISSIONERO**

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയും വാഴക്കുളം മേഖലയും സംയുക്തമായി പ്രേഷിതമാസത്തിൽ മിഷൻ രൂപതകളിലെ പിതാക്കന്മാരുമായി വെബിനാർ നടത്തി. സത്നാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കൊടകല്ലിൽ, ഛാന്ദാ രൂപതാദ്ധ്യക്ഷൻ മാർ എഫ്രേം നരികുളം, ഫരീദാബാദ് രൂപതാ സഹായമെത്രാൻ മാർ ജോസ് പുത്തൻ

വീട്ടിൽ എന്നിവർ സംസാരിച്ചു. മൂന്ന് അഭിവന്ദ്യ പിതാക്കന്മാർക്കും രൂപതാക്കുടുംബത്തിന്റെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

*CML 69/2020* **മിഷൻമാസ സമാപനം**

മിഷൻമാസ സമാപനത്തോടനുബന്ധിച്ച് 2020 ഒക്ടോബർ 25 -ന് വൈകിട്ട് 4 മണി മുതൽ നടന്ന വെബിനാറിൽ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് കോതമംഗലം രൂപതയിലെ മിഷൻലീഗ് അംഗങ്ങളോട് സംസാരിച്ചു. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവും വെബിനാറിൽ പങ്കെടുത്തു. വെബിനാറിന് സന്ദേശം നൽകി അനുഗ്രഹിച്ച അഭിവന്ദ്യ പിതാക്കന്മാർക്കും പങ്കെടുത്തവർക്കും പ്രോത്സാഹിപ്പിച്ചവർക്കും പ്രത്യേകം നന്ദി.

*CML 70/2020* **അംഗത്വ നവീകരണവും സ്ഥാപകദിനാഘോഷവും**

ഒക്ടോബർ 1-ന് വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷിക്കുകയും അന്നേ ദിവസം രൂപതാ-മേഖലാ-ശാഖാ തലങ്ങളിൽ അംഗത്വ നവീകരണം നടത്തുകയും ചെയ്തു.

ഒക്ടോബർ 3-ന് മിഷൻലീഗ് സ്ഥാപക ദിനമായി ആചരിക്കുകയും അന്നേ ദിവസം സംസ്ഥാന സമിതി നടത്തിയ CML FLAG CHALLENGE-ൽ രൂപതാ ഭാരവാഹികൾ പങ്കെടുക്കുകയും ചെയ്തു.

*CML 71/2020* **മിഷൻ ഞായർ ആചരണം**

ഒക്ടോബർ മാസം 18-ന് ആഗോള മിഷൻ ഞായറായി ആചരിച്ചു. രൂപതാതല ആഘോഷം കദളിക്കാട് വിമലമാതാ ദൈവാലയത്തിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ ഫാ. സിറിയക് കോടമുള്ളിൽ പതാകയുയർത്തി. മിഷൻറാലി സംഘടിപ്പിച്ചു.

*CML 72/2020* **വിശ്വാസ പരിശീലന സെമിനാർ**

മിഷൻ ഞായർ ദിനത്തിൽ കോതമംഗലം രൂപത വിജ്ഞാനഭവനുമായി സഹകരിച്ച് 1 മുതൽ 12 വരെ ക്ലാസ്സുകളിൽ വേദപാഠം പഠിക്കുന്ന കുട്ടികൾക്കായി ഓൺലൈൻ സെമിനാറും അഭിമുഖങ്ങളും നടത്തി. ഇതോടൊപ്പം മിഷൻ ഞായർ ദിനത്തിന്റെ സന്ദേശവും നൽകി.

### *CML 73/2020* ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

2020–21 പ്രവർത്തന വർഷത്തെ ജോയിന്റ് ഡയറക്ടേഴ്സ് സംഗമം ഒക്ടോബർ 19 -ാം തീയതി ഓൺലൈൻ ആയി നടത്തി. കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് സന്ദേശം നൽകി. 80-തിലധികം പേർ പങ്കെടുത്തു. സന്ദേശം നൽകി മീറ്റിംഗിനെ ധന്യമാക്കിയ അഭിവന്ദ്യ പിതാവിനെയും, പങ്കെടുത്തവരെയും നന്ദിയോടെ ഓർക്കുന്നു.

### *CML 74/2020* ബർക്കുമാൻസ് മീറ്റ്

രൂപതയിലെ വിവിധ ഇടവകകളിലെ 5 മുതൽ 12 വരെ ക്ലാസുകളിലെ അൾത്താരബാലന്മാർക്കായി ഒക്ടോബർ 25, 29 തീയതികളിലായി webinar സംഘടിപ്പിച്ചു. കോതമംഗലം രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് കുട്ടികളോട് സംസാരിച്ചു. ഫാ. സെബാസ്റ്റ്യൻ വലിയത്താഴത്ത്, ഫാ. ആന്റണി വിളയപ്പിള്ളിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

*Director*

---

## കെ.സി.എസ്.എൽ.

---

### *KCSL. 25/2020* അഭിനന്ദനങ്ങൾ

ജപമാലരാജ്ഞിയുടെ തിരുനാൾദിനത്തിൽ പരി. അമ്മയെക്കുറിച്ചുള്ള മനോഹരഗാനം രചിച്ച് പുറത്തിറക്കിയ KCSL ഡയറക്ടർ ബഹു. സിറിയക് കോടമുള്ളിലച്ചന് പ്രത്യേക യോഗം ചേർന്ന് അഭിനന്ദനങ്ങളും ആശംസകളും അർപ്പിച്ചു.

### *KCSL. 26/2020* KCSL വി. എവുപ്രാസ്യ ക്വിസ്

KCSL സഖ്യം CMC കോതമംഗലം പാവനാത്മ പ്രോവിൻസിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച KCSL വി. എവുപ്രാസ്യ ക്വിസ് മത്സരത്തിലെ വിജയികൾക്കും മത്സരാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

ഈ മത്സരത്തിന്റെ Cash Prize സ്പോൺസർ ചെയ്ത CMC പാവനാത്മപ്രോവിൻസിനോടുള്ള നന്ദിയും അറിയിക്കട്ടെ.

## വിജയികൾ

**UP**

I Issa Maria Reny, SXPS, Pothanicad

Sona Paul, SAGHSS, Kothamangalam

II Ann Theres Siju, SAGHSS, Kothamangalam

III Eva Pradeep, Jairani Public School, Kaliyar
Deepthi Biju, SAGHSS, Kothamangalam

**HS**

I Ann Mariya Benny, SAGHSS, Muvattupuzha

II Sneha Paul, SAGHSS, Kothamangalam
Elsa Sinu, SXPS, Pothanicad
Aiswarya Reji, SXPS, Pothanicad
Kevin Siby, SXPS, Pothanicad
Alpha D Andoor, SXPS, Pothanicad

III Jisna Dolphy, SJHSS, Paingottoor

**HSS**

I Riya Bobby, SSHSS, Vazhithala

II Amegha Benny, SAGHSS, Muvattupuzha

III Anahitha Maria Santhosh, SJHSS, Paingottoor
Anna Biju, SAGHSS, Kothamangalam
Irene Mary Renju, SAGHSS, Muvattupuzha

*KCSL. 27/2020* **ഒക്ടോബർ ജപമാല മാസം**

പരി.അമ്മയുടെ മാധ്യസ്ഥ്യം യാചിച്ചു കൊണ്ട് KCSL എക്സിക്യൂട്ടീവ് ഗ്രൂപ്പിലും രൂപത ആനിമേറ്റേഴ്സ് ഗ്രൂപ്പിലും ജപമാല പ്രാർത്ഥനയുടെ എണ്ണം അപ്ഡേറ്റ് ചെയ്തു കൊണ്ടിരിക്കുന്നു.

*KCSL. 28/2020* **ജപമാലാർച്ചന**

KCSL അംഗങ്ങൾ പരി. അമ്മയോടുള്ള ഭക്തിയിൽ വളരുന്നതിനായി നടത്തുന്ന പ്രാർത്ഥനാമത്സരം ആണ് ജപമാലാർച്ചന.

*KCSL. 29/2020* **തിരുവചന ജപമാല നിർമ്മാണം**

തിരുവചനങ്ങൾകൊണ്ട് ജപമാല നിർമ്മിക്കുന്ന മത്സര പ്രവർത്തനമാണിത്. യൂണിറ്റുകളിൽ വിഭാഗം തിരിച്ച് നടത്തുന്ന ഈ മത്സരം KCSL അംഗങ്ങൾ ഏറ്റെടുത്തിരിക്കുന്നു.

*KCSL. 30/2020* **ആനിമേറ്റേഴ്സ് സംഗമം**

കോവിഡ് പ്രതിസന്ധി കാലഘട്ടത്തിലെ ആനിമേറ്റേഴ്സ് സംഗമം ഒക്ടോബർ 17 ശനിയാഴ്ച ഗൂഗിൾ മീറ്റ് വഴി സംഘടിപ്പിച്ചു. ഫാ. ജോർജ് മാറാപ്പിള്ളിൽ ക്ലാസ് എടുത്തു.

*KCSL. 31/2020* **ലീഡേഴ്സ് മീറ്റ്**

നമ്മുടെ യൂണിറ്റുകളിലെ ലീഡർമാരുടെ മീറ്റിംഗ് നവംബറിൽ ഓൺലൈൻ ആയി നടത്തുവാൻ ആലോചിക്കുന്നു. വിശദമായ വിവരങ്ങൾ പിന്നീട് നൽകുന്നതാണ്.

*KCSL. 32/2020* **ക്രിസ്തുരാജന്റെ തിരുനാൾ**

നവംബർ 22 ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ദിനമാണ്. ഉചിതമായ പരിപാടികൾ ആസൂത്രണം ചെയ്യുമല്ലോ.

*Director*

---

## ഫാമിലി അപ്പോസ്തലേറ്റ്

*FA 18/2020* **ജൂബിലി**

ഫാമിലി അപ്പോസ്തലേറ്റിന്റെയും മാതൃവേദിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ വിവാഹത്തിന്റെ 25-ഉം 50-ഉം വത്സരം പൂർത്തിയാക്കി രജത, സുവർണ്ണ ജൂബിലികൾ ആഘോഷിക്കുന്ന ദമ്പതികളെ ആദരിക്കുന്ന ഫോട്ടോ അടങ്ങിയ മംഗളപത്രം നൽകുന്നു. ഇനിയും പേര് രജിസ്റ്റർ ചെയ്യാത്തവർ ഫോട്ടോ സഹിതം നവംബർ 15-ന് മുൻപായി രൂപത ഫാമിലി അപ്പോസ്തലേറ്റ് കേന്ദ്രത്തിൽ എത്തിക്കണം.

*Director*

# മാതൃവേദി

*MV 29/2020* **ജപമാലയജ്ഞം**

ഒക്ടോബർ മാസത്തിലെ എല്ലാ ദിവസവും വിവിധ ഇടവക കളിലെ മാതൃവേദി അംഗങ്ങൾ ജപമാല ചൊല്ലി കോവിഡ് പകർച്ച വ്യാധിയിൽ നിന്ന് മോചനം ലഭിക്കുന്നതിനുവേ പരിശുദ്ധ അമ്മയുടെ പക്കൽ മാധ്യസ്ഥ്യം യാചിച്ചു പ്രാർത്ഥിച്ചു.

*MV 30/2020* **ബൈബിൾ മൂല്യനിർണ്ണയം**

നവംബർ 22-ാം തീയതിക്കു മുമ്പ് ബൈബിൾ കൈയെഴുത്തു പ്രതി എഴുതിയവരുടെ ലിസ്റ്റ് ശേഖരിക്കുന്നതിന് ഫൊറോനഭാര വാഹികൾ മുൻകൈ എടുക്കേതാണ്. ബൈബിൾ പകർത്തിയെ ഴുതിയവരുടെ കാറ്റഗറി അനുസരിച്ചുള്ള ലിസ്റ്റിൽ പേര്, വീട്ടുപേര്, ഫോൺനമ്പർ, രജിസ്ട്രേഷൻ ഫീസ് 50 രൂപ എന്നിവ ഉയി രിക്കണം.

*Director*

# DCMS

*DCMS 6/2020* **സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ഉപവാസ പ്രാർത്ഥനാദിനം ആചരിച്ചു**

ലോകം മുഴുവൻ പടർന്നുകൊണ്ടിരിക്കുന്ന കോവിഡ്-19 എന്ന മഹാമാരിയുടെ ശമനത്തിനുവേണ്ടിയും ഭാരതത്തിന്റെ വിവിധഭാഗങ്ങ ളിൽ ദളിത് സഹോദരങ്ങൾക്ക് നേരെ നടക്കുന്ന അതിദാരുണവും ക്രൂരവുമായ പീഡനങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടും DCMS അംഗ ങ്ങൾ സ്വഭവനങ്ങളിലിരുന്നുകൊണ്ട് 2020 ഒക്ടോബർ 7-ാം തീയതി ഉപവാസപ്രാർത്ഥനാദിനം നടത്തി.

*DCMS 7/2020* **സ്കോളർഷിപ്പ് വിതരണം**

സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി നൽകിവരാറുള്ള സ്കോളർഷിപ്പും, 2019-2020 അദ്ധ്യയന വർഷത്തിൽ SSLC, Plus Two,

ഡിഗ്രി, നേഴ്സിംഗ് എന്നിവയിൽ ഉന്നതവിജയം വരിച്ച കുട്ടികൾക്കുള്ള KCBC സ്കോളർഷിപ്പും വിതരണം ചെയ്തു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC.23/2020* **പുതിയ രൂപതാഭാരവാഹികൾ**

ഒക്ടോബർ 2-ാം തീയതി മൂവാറ്റുപുഴ നിർമ്മല H.S.S. ഓഡിറ്റോറിയത്തിൽ ചേർന്ന യോഗത്തിൽ വച്ച് താഴെ പറയുന്നവരെ പുതിയ രൂപതാ ഭാരവാഹികളായി തെരഞ്ഞെടുത്തു.

**പുരുഷവിഭാഗം**

| | | |
|---|---|---|
| പ്രസിഡന്റ് | ടോം ജെ. കല്ലറയ്ക്കൽ | 9447105644 |
| വൈ. പ്രസിഡന്റ് | ജിബോയിച്ചൻ വടക്കൻ | 9446826332 |
| സെക്രട്ടറി | ഡിഗോൾ കെ. ജോർജ്ജ് കൊളമ്പേൽ | 9961020224 |
| ജോ. സെക്രട്ടറി+ ജനറൽ കോ-ഓർഡിനേറ്റർ | തോമസ് കുണിഞ്ഞി ചരളംകുന്നേൽ | 9447588436 |
| ട്രഷറർ | സിബി ജോസ് പൊതൂർ | 9447056552 |
| **കോതമംഗലം സബ്സോൺ** | | |
| കോ-ഓർഡിനേറ്റർ | ലോറൻസ് അബ്രാഹം ഏനാനിക്കൽ | 9447162628 |
| **തൊടുപുഴ സബ് സോൺ** | | |
| കോ-ഓർഡിനേറ്റർ | ജോസഫ് മൂലശ്ശേരിൽ നെടിയശാല | 8113932399 |
| **മൂവാറ്റുപുഴ സബ്സോൺ** | | |
| കോ-ഓർഡിനേറ്റർ | പോൾ ലൂയീസ് പാലമൂട്ടിൽ | 9388255749 |
| **കോതമംഗലം സബ്സോൺ** | | |
| ഡയറക്ടർ | ഫാ. ജോസ് മോനിപ്പിള്ളിൽ | 9446151085 |
| സഹഡയറക്ടർ | ഫാ. ജോൺ പിച്ചാപ്പിള്ളിൽ | 9495792412 |

**തൊടുപുഴ സബ്സോൺ**

| | | |
|---|---|---|
| ഡയറക്ടർ | ഫാ. ജോസഫ് നിരവത്ത് | 9447575026 |

**മൂവാറ്റുപുഴ സബ്സോൺ**

| | | |
|---|---|---|
| ഡയറക്ടർ | ഫാ. ആന്റണി പുത്തൻകുളം | 9446985275 |

**വനിതാവിഭാഗം**

| | | |
|---|---|---|
| പ്രസിഡന്റ് | ഷീല രാജു പാലയ്ക്കൽ | 9447053996 |
| വൈ. പ്രസിഡന്റ് | മെറ്റി റ്റോബൻ ഇല്ലിപ്പറമ്പിൽ | 9656822221 |
| സെക്രട്ടറി | മിനി മാനുവൽ പിച്ചാപ്പിള്ളിൽ | 9400947582 |
| ജോ. സെക്രട്ടറി | മേഴ്സി ജോസ് മുണ്ടയ്ക്കൽ | 8157966010 |
| ട്രഷറർ | കുസുമം ജോൺ നീരോലിക്കൽ | 9048735818 |

## *DFC.24/2020* സബ്സോണുകൾ രൂപീകരിച്ചു

കോതമംഗലം രൂപതയിലെ DFC പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിന്റെ ഭാഗമായി രൂപതയെ (സോണിനെ) മൂന്ന് സബ്സോണുകളായി തിരിക്കാൻ തീരുമാനിച്ചിരിക്കുന്നു. തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം എന്നിവ കേന്ദ്രീകരിച്ചാണിവ. മാറിക, തൊടുപുഴ, മുതലക്കോടം, കരിമണ്ണൂർ എന്നീ ഫൊറോനകൾ ഉൾപ്പെടുന്ന തൊടുപുഴ സബ്സോണിന്റെ ഡയറക്ടറായി ഫാ. ജോസഫ് നിരവത്തും കോ-ഓർഡിനേറ്ററായി ശ്രീ. ജോസഫ് മൂലശ്ശേരിയും നേതൃത്വം നൽകും. ആരക്കുഴ, മൈലക്കൊമ്പ്, വാഴക്കുളം, മൂവാറ്റുപുഴ, എന്നീ ഫൊറോനകൾ ഉൾപ്പെടുന്ന മൂവാറ്റുപുഴ സബ് സോണിന്റെ ഡയറക്ടറായി ഫാ. ആന്റണി പുത്തൻകുളവും കോ-ഓർഡിനേറ്ററായി ശ്രീ. പോൾ ലൂയീസ് പാലമൂട്ടിലും നേതൃത്വം നൽകും. കാളിയാർ, പൈങ്ങോട്ടൂർ, ഊന്നുകൽ, കോതമംഗലം എന്നീ ഫൊറോനകൾ ഉൾപ്പെടുന്ന കോതമംഗലം സബ്സോണിന്റെ ഡയറക്ടറായി ഫാ. ജോസ് മോനിപ്പിള്ളിയും സഹഡയറക്ടറായി ഫാ. ജോൺ പിച്ചാപ്പിള്ളിലും കോ-ഓർഡിനേറ്ററായി ശ്രീ. ലോറൻസ് അബ്രാഹവും നേതൃത്വം നൽകും. സോൺ ജനറൽ കോ-ഓർഡിനേറ്ററായി ശ്രീ. തോമസ് കുണിഞ്ഞിയും പ്രവർത്തിക്കും.

ഫൊറോനകളിലെയും അവയുടെ പരിധിയിൽ വരുന്ന ഇടവകകളിലെയും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അവർക്ക് വേണ്ട സഹായങ്ങൾ നൽകി DFC-ക്കും ദീപികയ്ക്കും കരുത്ത് പകരണമെന്ന് അഭ്യർത്ഥിക്കുന്നു.

### *DFC.25/2020* ഇടവകയൂണിറ്റുകൾ പുനഃസംഘടിപ്പിക്കുന്നു

ഇടവകകളിലെ DFC യൂണിറ്റുകൾ പുനഃസംഘടിപ്പിക്കേണ്ട സമയമായിരിക്കുന്നതിനാൽ താല്പര്യവും ആത്മാർത്ഥതയുമുള്ള ആളുകളെ ഉൾപ്പെടുത്തി പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. പുരുഷ, വനിത വിഭാഗങ്ങളിൽ വേറെ വേറെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നിവരെയാണ് തെരഞ്ഞെടുക്കേണ്ടത്. ഈ വരുന്ന ഒക്ടോബർ 31-നകം പ്രസ്തുത തെരഞ്ഞെടുപ്പ് പൂർത്തിയാക്കി ലിസ്റ്റ് ഫൊറോന ഡയറക്ടറെ എൽപിക്കുമല്ലോ. ഫൊറോന ഡയറക്ടർമാരുടെ പേരുകൾ താഴെ കൊടുക്കുന്നു.

### *DFC.26/2020* DFC ഫൊറോന ഡയറക്ടേഴ്സ്

| | | |
|---|---|---|
| ആരക്കുഴ | ഫാ. ജോൺ മുണ്ടയ്ക്കൽ | 9447390315 |
| കാളിയാർ | ഫാ. ജോൺ പിച്ചാപ്പിള്ളിൽ | 9495792412 |
| കരിമണ്ണൂർ | ഫാ. സ്റ്റാൻലി പുൽപ്രയിൽ | 9495471489 |
| കോതമംഗലം | ഫാ. തോമസ് ചെറുപറമ്പിൽ | 9447663406 |
| മൈലക്കൊമ്പ് | ഫാ. ജെയിംസ് വരാരപ്പിള്ളിൽ | 9447216833 |
| മാറിക | ഫാ. ജോർജ്ജ് നെടുങ്കല്ലേൽ | 9447977436 |
| മുതലക്കോടം | ഫാ. ജോസഫ് നിരവത്ത് | 9447575026 |
| മൂവാറ്റുപുഴ | ഫാ. ആന്റണി പുത്തൻകുളം | 9446985275 |
| ഊന്നുകൽ | ഫാ. തോമസ് പോത്തനാമുഴി | 9447822014 |
| പൈങ്ങോട്ടൂർ | ഫാ. ജോസ് മോനിപ്പിള്ളിൽ | 9446151085 |
| തൊടുപുഴ | ഫാ. ജിയോ തടിക്കാട്ട് | 9961814914 |
| വാഴക്കുളം | ഫാ. ജോസഫ് പുൽപ്പറമ്പിൽ | 9447047796 |

### *DFC.27/2020* ഫൊറോനതല DFC പ്രൊമോട്ടർമാർ

ദീപികയുടെ സർക്കുലേഷനെ പ്രൊമോട്ടു ചെയ്യുവാനും വാർത്തകൾ റിപ്പോർട്ടു ചെയ്യുവാനുമായി ഫൊറോന തലത്തിൽ താഴെപറയുന്നവരെ തെരഞ്ഞെടുത്തു.

### മാറിക ഫൊറോന

1) ജോ അഗസ്റ്റിൻ കൊച്ചുപറമ്പിൽ, നെടിയശാല ഇടവക
   ഫോൺ- 9744173485
2) ബിന്ദു ബെന്നി കാര്യോട്ടുംകര, മാറിക ഇടവക
   ഫോൺ- 9497539604

### തൊടുപുഴ ഫൊറോന

1) ജയ്സൺ ജോർജ്ജ് നടുവിലെക്കിഴക്കേൽ, തൊടുപുഴ ഇടവക
   ഫോൺ - 9446212744
2) മേരി ജോസഫ് മരുതോലിൽ, നെടിയകാട് ഇടവക
   ഫോൺ -9447613741

### മുതലക്കോടം ഫൊറോന

1) ജയിംസ് കുര്യൻ മാറാട്ടിൽ, വാഴക്കാല ഇടവക
   ഫോൺ - 9447440765
2) മറിയമ്മ ബെന്നി തോട്ടുപാട്ട്, വണ്ടമറ്റം ഇടവക
   ഫോൺ - 9446867197

### കരിമണ്ണൂർ ഫൊറോന

1) കെ.ജെ. തോമസ് കണ്ടത്തിൻകര, നെയ്യശ്ശേരി ഇടവക
   ഫോൺ - 8281094246
2) പ്രീത ജോണിച്ചൻ വാരികാട്ട്, ചിലവ് ഇടവക
   ഫോൺ- 9961992721

### കാളിയാർ ഫൊറോന

1) റോജൊ ജോസഫ് വടക്കേൽ, തൊമ്മൻകുത്ത് ഇടവക
   ഫോൺ- 9961994835
2) ബിജി മനോജ് ചായാടൻ, വണ്ണപ്പുറം ഇടവക
   ഫോൺ- 9947509354

### മൈലക്കൊമ്പ് ഫൊറോന

1) ലംബൈ മാത്യു വട്ടക്കുഴിയിൽ, തഴുവംകുന്ന് ഇടവക
   ഫോൺ - 9605075163
2) റൂബി തോമസ് നെടുങ്കല്ലേൽ, മൈലക്കൊമ്പ് ഇടവക
   ഫോൺ - 9495495428

**ആരക്കുഴ ഫൊറോന**

1) സിബി ജോസ് പൊതൂർ, പെരിങ്ങഴ ഇടവക
ഫോൺ - 9447056552

2) മേരി പീറ്റർ മാടപ്പിള്ളിക്കുന്നേൽ, മീങ്കുന്നം ഇടവക
ഫോൺ - 9605589801

**വാഴക്കുളം ഫൊറോന**

1) ഐപ്പച്ചൻ അയ്യങ്കോലിൽ, ബെസ്ലേഹം ഇടവക
ഫോൺ - 9446606650

2) ദീപ മാത്യു വടക്കേക്കുടിയിൽ, വാഴക്കുളം ഇടവക
ഫോൺ - 8089116558

**മൂവാറ്റുപുഴ ഫൊറോന**

1) ജേക്കബ് തോമസ് ഇരമംഗലത്ത്, മൂവാറ്റുപുഴ ഇടവക
ഫോൺ - 9061613131

2) ആൻസി മാത്യൂസ് പൂനാട്ട്, രണ്ടാർ ഇടവക
ഫോൺ - 9745742005

**കോതമംഗലം ഫൊറോന**

1) ജോൺസൺ ആന്റണി പോത്താനിക്കാട്ട്, കോതമംഗലം ഇടവക
ഫോൺ - 9745355011

2) ഷീല രാജു പാലയ്ക്കൽ, കോതമംഗലം ഇടവക
ഫോൺ - 9447053996

**ഊന്നുകൽ ഫൊറോന**

1) മോൺസി ജോർജ്ജ് മങ്ങാട്ട്, ഊന്നുകൽ ഇടവക
ഫോൺ - 8086125904

2) മെറ്റി റ്റോബൻ ഇല്ലിപ്പറമ്പിൽ, ഊന്നുകൽ ഇടവക
ഫോൺ - 9656822221

**പൈങ്ങോട്ടൂർ ഫൊറോന**

1) അനിൽ മാത്യു കല്ലട, പൈങ്ങോട്ടൂർ ഇടവക
ഫോൺ - 9495194650

2) ജാൻസി ജോസ് മുക്കാലിക്കുന്നേൽ, പൈങ്ങോട്ടൂർ ഇടവക
ഫോൺ - 9605652636

## *DFC.28/2020* രൂപത എക്സിക്യൂട്ടീവ് യോഗങ്ങൾ

സെപ്റ്റംബർ 27-ന് മുതലക്കോടത്തുവച്ചും ഒക്ടോബർ 9-ന് ആനിക്കാട് വച്ചും രൂപത എക്സിക്യൂട്ടീവ് യോഗങ്ങൾ ചേർന്നു.

## *DFC.29/2020* യാത്രയയപ്പും ആദരിക്കലും

കഴിഞ്ഞ രണ്ട് വർഷം രൂപത ഡയറക്ടറായി മികച്ച നേതൃത്വം കാഴ്ചവച്ച ഫാ. സെബാസ്റ്റ്യൻ പോത്തനാമുഴിയെ 9-10-2020-ന് ആനിക്കാട് ചർച്ച് പാരീഷ് ഹാളിൽ ചേർന്ന രൂപത എക്സിക്യൂട്ടീവ് യോഗത്തിൽ ദീപിക ഡയറക്ടർ ബോർഡംഗം ഫാ. തോമസ് പോത്തനാമുഴി മെമെന്റോ നൽകി ആദരിക്കുകയും സമുചിതമായ യാത്രയയപ്പ് നൽകുകയും ചെയ്തു.

അതോടൊപ്പം കഴിഞ്ഞ അഞ്ച് വർഷം DFC രൂപത ജനറൽ സെക്രട്ടറിയായി മികച്ച സേവനം കാഴ്ചവച്ച തോമസ് കുണിഞ്ഞിയെ DFC സംസ്ഥാന ഉപദേശകസമിതി ചെയർമാൻ ജോയി നടുക്കുടി പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

## *DFC. 30/2020* ഏജന്റ്സിനെ ആദരിച്ചു

മുതലക്കോടം ഫൊറോനയുടെ കീഴിൽ വരുന്ന ഇടവകകളിൽ ദീപിക വിതരണം ചെയ്യുന്ന ഏജന്റുമാരെ സെപ്റ്റംബർ 27-ാം തീയതി 2.30-ന് മുതലക്കോടം ചർച്ച് മിനി പാരീഷ് ഹാളിൽ ചേർന്ന യോഗത്തിൽ വച്ച് മെമെന്റോയും മറ്റ് പാരിതോഷികങ്ങളും നൽകി ആദരിച്ചു. രൂപത, ഫൊറോന ഭാരവാഹികൾ നേതൃത്വം നൽകി.

## *DFC.31/2020* ഫൊറോന കമ്മിറ്റി യോഗം

കോതമംഗലം ഫൊറോന കമ്മിറ്റി യോഗം ഒക്ടോബർ 15-ന് കത്തീഡ്രൽ മിനി പാരീഷ് ഹാളിൽ ചേർന്ന് തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

## *DFC.32/2020* ഫാ. സ്റ്റാൻ സ്വാമിയുടെ അറസ്റ്റിൽ പ്രതിഷേധിച്ചു

മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്യപ്പെട്ട ജീവകാരുണ്യപ്രവർത്തകനായ ഫാ. സ്റ്റാൻ സ്വാമിയെ ഉടൻ മോചിപ്പിക്കണമെ

ന്നാവശ്യപ്പെട്ട് DFC രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി മുതലക്കോടത്ത് വച്ച് ഒക്ടോബർ 17-ന് പ്രതിഷേധ പ്രകടനം നടത്തി.

*Co-ordinator*

# യുവദീപ്തി

*YD 38/2020* **പ്രമേയം അവതരിപ്പിച്ചു**

ജാർഖണ്ഡിലെ ആദിവാസി ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിനായി സേവനം ചെയ്യുന്ന സാമൂഹ്യ പ്രവർത്തകനും ജെസ്യൂട്ട് വൈദികനുമായ ഫാ. സ്റ്റാൻ സ്വാമിയെ അറസ്റ്റു ചെയ്ത നടപടിയെ അപലപിച്ചുകൊണ്ട് യുവദീപ്തി KCYM കോതമംഗലം രൂപതാസമിതി പ്രമേയം പാസ്സാക്കുകയും പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തു.

*YD 39/2020* **We are With Women ക്യാമ്പെയ്ൻ**

KCYM സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട We are With Women (WWW) ക്യാമ്പെയിന്റെ ഭാഗമായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന നീതിനിഷേധങ്ങൾക്കെതിരെ കോതമംഗലം രൂപതാ വനിതാനേതൃത്വങ്ങൾ പ്രതികരിച്ചു. രൂപതയിലെ വനിതാഭാരവാഹികളുടെ പ്രതികരണങ്ങൾ KCYM official ഫേസ്ബുക്ക് പേജിലൂടെ ഒക്ടോബർ 15-ന് അറിയിച്ചു.

*YD 40/2020* **ROSARIO 2020**

ജപമാല മാസമായി ആചരിക്കപ്പെട്ട ഒക്ടോബർ മാസത്തിൽ യുവദീപ്തി KCYM കോതമംഗലം രൂപതയിലെ യുവജനങ്ങൾ ഒരുമിച്ച് ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ 31 ദിവസവും വൈകുന്നേരം 6.30 മുതൽ 7 മണിവരെ ജപമാല ചൊല്ലി പരിശുദ്ധ അമ്മയുടെ സന്നിധിയിൽ പ്രാർത്ഥിച്ചു. യുവദീപ്തി KCYM-ന്റെ ഒഫീഷ്യൽ യൂടൂബ് ചാനൽ വഴിയായി രൂപതയിലെ വിവിധ യൂണിറ്റുകളിലെ യുവജനങ്ങൾ ജപമാലയ്ക്കു നേതൃത്വം നൽകി. നേതൃത്വം വഹിച്ച എല്ലാ യൂണിറ്റുകളിലെയും യുവജനങ്ങൾ, യൂണിറ്റ്- ഫൊറോന ഡയറക്ടറച്ചന്മാർ, ആനിമേറ്റേഴ്സ് എന്നിവർക്കും സാന്നിദ്ധ്യം കൊണ്ടും സഹകരണം കൊണ്ടും ജപമാല മാസാചരണം വിജയകരമാക്കിത്തീർത്ത

കോതമംഗലം രൂപതയിലെ എല്ലാ യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കൾ എന്നിവർക്കും നന്ദി.

*YD 41/2020* **അമ്മയ്ക്കരികിൽ**

എല്ലാ വർഷവും നടത്തിവരുന്ന രൂപതാതല ജപമാലമാസ സമാപനം 'അമ്മയ്ക്കരികിൽ' ഓൺലൈനായി നെടിയശാല പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ആരാധന, ജപമാല, ക്ലാസ്സ് എന്നിവയ്ക്ക് നെടിയശാല ഇടവക വികാരി റവ. ഫാ. ജോർജ് ചേറ്റൂർ നേതൃത്വം നൽകി. എല്ലാവിധ സഹകരണങ്ങളും നൽകിയ ജോർജ് ചേറ്റൂർ അച്ചനും നെടിയശാല ഇടവക അസി. വികാരി സെബാസ്റ്റ്യൻ നെടുംപുറത്ത് അച്ചനും യൂണിറ്റ് ഭാരവാഹികൾക്കും യുവജനങ്ങൾക്കും നന്ദി.

*YD 42/2020* **ഉത്സവ് 2020**

KCYM സംസ്ഥാന കലോത്സവം 'ഉത്സവ് 2020' ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ നടത്തപ്പെടുന്നു. കലാസാഹിത്യ മത്സരങ്ങളിൽ കോതമംഗലം രൂപതയെ പ്രതിനിധീകരിച്ച് യുവജനങ്ങൾ പങ്കെടുക്കുന്നതാണ്. മത്സരിക്കുന്ന എല്ലാ യുവജനങ്ങൾക്കും വിജയാശംസകൾ.

*YD 43/2020* **ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരം**

മുൻ രൂപതാസെക്രട്ടറിയായിരുന്ന ജിബിൻ ബേബി കുന്നേൽ അനുസ്മരണാർത്ഥം നടത്തപ്പെടുന്ന ക്വിസ് മത്സരം 2020 നവംബർ 29-ാം തീയതി ഞായറാഴ്ച നടത്തപ്പെടുന്നു.

*Director*

## ജീസസ് യൂത്ത്

*JY 18/2020*

ജീസസ് യൂത്ത് നല്ല അയൽക്കാരൻ പദ്ധതിയുടെ ഭാഗമായി 'കരുതലിന്റെ കൈത്താങ്ങ്' എന്ന പേരിൽ സോണിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 120 കുടുംബങ്ങൾക്ക് 600 രൂപയുടെ ഫുഡ് കിറ്റ് നൽകി.

VOLT (Venture of love & togetherness) എന്ന പേരിൽ ഒക്ടോബർ 2-ന് സോണിൽ ഒരു campus gathering നടത്തപ്പെട്ടു. വിവിധ

കലാലയങ്ങളിൽ നിന്ന് ഏകദേശം 220 ഓളം പേർ പങ്കെടുത്തു.

5 ആഴ്ചകളായി നടത്തിവന്ന EDGE പ്രോഗ്രാം വിജയകരമായി പൂർത്തിയായി. സോണിൽ പുതുതായി commitment എടുത്ത 46-ഓളം പേർ ട്രെയിനിംഗിൽ പങ്കെടുത്തു.

ഈ മാസത്തെ നൈറ്റ് വിജിൽ ഒക്ടോബർ 9-ന് ഓൺലൈനായി നടത്തപ്പെട്ടു.

ഈ മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മകൾ ഒക്ടോബർ 11, 18 തീയതികളിൽ ഓൺലൈൻ ആയി നടത്തപ്പെട്ടു.

മിഷൻ മാസത്തോടനുബന്ധിച്ചുള്ള സോണൽ മിഷൻ ലോഞ്ച് പ്രോഗ്രാം ഒക്ടോബർ 4-ന് നടത്തപ്പെടുകയുണ്ടായി. തുടർന്ന് ഒക്ടോബർ 17-ന് സോണൽ മിഷൻ ഗ്യാതറിംഗും മിഷൻ സ്റ്റേഷനു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും നടന്നു.

ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ 10-ന് TOC (Teens of Christ) പ്രോഗ്രാം നടന്നു. 46-ഓളം ടീനേജേഴ്സ് പങ്കെടുത്തു.

ഫോർമേഷന്റെ ഭാഗമായി സോണിൽ 25-ഓളം ആളുകൾ ഓൺലൈൻ ആയി 'പോൾ കോഴ്സ്' പൂർത്തിയാക്കി.

*Animator*

# കത്തോലിക്കാ കോൺഗ്രസ്

## *CC 17/2020* കത്തോലിക്കാ കോൺഗ്രസിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനമായി

കത്തോലിക്കാ കോൺഗ്രസിന്റെ ഭരണഘടനയനുസരിച്ച് അതിന്റെ വിവിധ തലത്തിലുള്ള സമിതികളുടെ പ്രവർത്തനകാലാവധി മൂന്നു വർഷമാണ്. 2017-ൽ നിയമിതമായ നിലവിലെ സമിതികളുടെ കാലാവധി 2020-ൽ അവസാനിക്കുകയാണ്.

2021-2024 കാലയളവിലേക്കുള്ള വിവിധ സമിതികളുടെ തെരഞ്ഞെടുപ്പ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതിനായി കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര ഇലക്ഷൻ ട്രൈബ്യൂണലിന്റെ

വിജ്ഞാപനമായി. പാലാരിവട്ടം POC ഡയറക്ടർ റവ. ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി ചെയർമാനായ ഇലക്ഷൻ ട്രൈബ്യൂണലിൽ പാല മൂന്നിലവ് വീട്ടിയാക്കൽ അഡ്വ. ജോൺസൺ മാത്യു, താമരശ്ശേരി കുന്ന മംഗലം തടത്തിൽ അഡ്വ. റ്റി.എ. ജോസഫ് എന്നിവർ അംഗങ്ങളാണ്.

കത്തോലിക്കാ കോൺഗ്രസ് ഇലക്ഷൻ ട്രൈബ്യൂണലിന്റെ വിജ്ഞാപനം അനുസരിച്ച് കോതമംഗലം രൂപതയിലെ എല്ലാ ഇടവകകളിലും 2020 ഒക്ടോബർ മാസത്തിൽ അംഗത്വവിതരണം ആരം ഭിച്ച് 2020 ഡിസംബർ 30-നകം യൂണിറ്റ് തെരഞ്ഞെടുപ്പ് നടത്തണം.

*CC 18/2020* **രൂപതാ സമിതി സൂം മീറ്റിംഗ്**

കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപതാസമിതി സൂം മീറ്റിംഗ് 16-10-2020-ൽ രൂപതാപ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാ ട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. കത്തോലിക്കാ കോൺഗ്രസിൽ ഇല ക്ഷൻ വിജ്ഞാപനമായതുകൊണ്ട് നമ്മുടെ രൂപതയിൽ എങ്ങിനെ വിവി ധതലത്തിലുള്ള തെരഞ്ഞെടുപ്പ് നടത്താം എന്ന് തീരുമാനിച്ചു.

നിലവിലുള്ള രൂപത/ഫൊറോന/യൂണിറ്റ് സമിതികളുടെ നേതൃ ത്വത്തിലായിരിക്കണം ഇടവകകളിൽ യൂണിറ്റ് തെരഞ്ഞെടുപ്പുകൾ നട ത്തേണ്ടത്. ഓരോ ഫൊറോന സമിതിയേയും സഹായിക്കാൻ താഴെ പറയുന്ന സമിതി അംഗങ്ങളെ യോഗം ചുമതലപ്പെടുത്തി.

1. ആരക്കുഴ - ജെയിംസ് റ്റി.വി. തെക്കേൽ
2. മുവാറ്റുപുഴ - ജോസുകുട്ടി ജെ. ഒഴുകയിൽ
3. കോതമംഗലം - അഡ്വ. വി. യു. ചാക്കോ വറങ്ങലക്കുടിയിൽ
4. ഊന്നുകൽ - ജോയി പോൾ പീച്ചാട്ട്
5. കാളിയാർ - റോജോ ജോസഫ് വടക്കേൽ
6. പൈങ്ങോട്ടൂർ - ജോജി നെടുങ്കല്ലേൽ
7. മൈലക്കൊമ്പ് - ജോസ് ചെറിയാൻ പുതിയിടം
8. കരിമണ്ണൂർ - പി.ജെ. ജോർജ് പാലപ്പറമ്പിൽ
9. മുതലക്കോടം - ജോർജ് ജോസഫ് നെടുങ്കല്ലേൽ
10. തൊടുപുഴ - ജോൺ മുണ്ടൻകാവിൽ

11. മാറിക - മാത്യു ജോൺ മലേക്കുടിയിൽ
12. വാഴക്കുളം - ജോസ് ചെറിയാൻ പുതിയിടം

രൂപത/ഫൊറോന/യൂണിറ്റ് ഭാരവാഹികൾ ഫൊറോന/ഇടവക വികാരിയച്ചന്മാരുമായി ആലോചിച്ച് ഡിസംബർ 30-നകം കോതമംഗലം രൂപതയിലെ എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റുകൾ രൂപീകരിക്കാൻ യോഗം തീരുമാനിച്ചു.

**മറ്റ് തീരുമാനങ്ങൾ**

1. EWS സംവരണം പൂർണ്ണമായി നടപ്പിലാക്കുക, അന്യായമായി തടങ്കലിൽ വച്ചിരിക്കുന്ന ഫാ. സ്റ്റാൻ സ്വാമിയെ ഉടൻ മോചിപ്പിക്കുക, 2016 മുതലുള്ള അദ്ധ്യാപന നിയമനത്തിലെ അപാകതകൾ പരിഹരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 20-10-2020-ൽ കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ എന്നിവിടങ്ങളിൽ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രതിഷേധസമരം നടത്തുക.

2. അടുത്തുവരുന്ന ത്രിതല പഞ്ചായത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ നമ്മുടെ സമുദായാംഗങ്ങളെ പരമാവധി പ്രോത്സാഹിപ്പിച്ച് മത്സരിപ്പിച്ച് വിജയിപ്പിക്കാൻ ശ്രമിക്കാനും തീരുമാനിച്ചു.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 12/2020*

1. കോതമംഗലം രൂപതയിലെ SFO യുടെ പ്രവർത്തനങ്ങൾ ഓൺലൈൻ ആയി മുന്നോട്ടു കൊണ്ടു പോകുന്നതിനായി 'SFO Kerala' എന്ന പേരിൽ ഒരു you tube ചാനൽ ആരംഭിച്ചു. SFO കോതമംഗലം രൂപതയുടെ കീഴിലുള്ള യൂണിറ്റുകളിൽ പ്രതിമാസ യോഗ പരിപാടികൾ ഓൺലൈൻ ആയി നടത്തുന്നതിന്റെ ഭാഗമായിട്ടാണ് ഇത്. രൂപത ഡയറക്ടർ Rev. Fr. വർഗീസ് വാഴയിൽ OFM Cap, Rev Fr. സോമി എബ്രാഹം പാണങ്ങാട്ട്

OFM Cap, Br. അരുൺ ജോർജ് കാട്ടറുകുടിയിൽ, Br. റ്റെൻസൺ, Br. സോജൻ നടുക്കുടി എന്നിവർ ആശംസകൾ നേർന്നു.

2. October 4 വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ അംഗങ്ങൾ ഓൺലൈൻ ആയി കൊണ്ടാടി. രൂപത ഡയറക്ടർ റവ. ഫാ. വർഗീസ് വാഴയിൽ OFM Cap. Youtube വഴി സന്ദേശം നൽകി. റവ. ഫാ. ജോൺ വാഴപ്പനാടിയിൽ OFM Cap തിരുനാൾ ദിനത്തിൽ ആഘോഷമായ ദിവ്യബലിയർപ്പിച്ച് Youtube ചാനലിൽ share ചെയ്യുകയും ചെയ്തു.

3. SFO കോതമംഗലം രൂപതയിലെ അംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന്റെ പ്രവർത്തനങ്ങൾ Br. ഫ്രാങ്കോ ജോൺ മെക്കാട്ടുകുളത്തിന്റെ മേൽനോട്ടത്തിൽ നടത്തി വരുന്നു.

*Director*

---

# പ്രാർത്ഥനാഗ്രൂപ്പ്

---

*PG 10/2020*

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കോതമംഗലം സോണിന്റ നേതൃത്വത്തിൽ എല്ലാ സബ് സോണുകളിലും ഓൺലൈൻ വഴിയുള്ള വിസിറ്റ് പൂർത്തീകരിച്ചു. ഈ സന്ദർശനം സബ് സോണുകൾക്ക് കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കാനും, പ്രവർത്തിക്കാനും ഒത്തിരി പ്രചോദനം നൽകി. ജപമാല മാസമായ ഒക്ടോബർ 1 മുതൽ 31 വരെ 'അമ്മയ്ക്കൊപ്പം ഒരു മാസം ജപമാല കൂട്ടായ്മ' എന്ന പേരിൽ 800 പേരടങ്ങുന്ന ഒരു കൂട്ടായ്മ രൂപീകരിക്കുകയും ഒരാൾ ഒരു ദിവസം 4 ജപമാല വീതം ചൊല്ലി മൊത്തം ഒരു ലക്ഷം ജപമാല ചൊല്ലി കാഴ്ച്ച വച്ച് പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു.

ദേശീയ മധ്യസ്ഥ പ്രാർത്ഥനാദിനമായ ഒക്ടോബർ 2-ന് സബ് സോണുകളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെ 8 മണിക്കൂർ തുടർച്ചയായി ഓൺലൈനിൽക്കൂടി സഭയ്ക്കുവേണ്ടിയും കോവിഡ് 19 എന്ന മഹാമാരി പൂർണമായും മാറുവാനും ലോകം മുഴുവനും വേണ്ടിയും പ്രാർത്ഥിച്ചു. 200-ൽ അധികം ആളുകൾ പ്രാർത്ഥനയിൽ വിവിധ സമയങ്ങളിൽ പങ്കെടുത്തു.

ഇടവക തലങ്ങളിൽ ഉള്ള പ്രാർത്ഥനാഗ്രൂപ്പുകളിൽ ഓൺ ലൈൻ വഴി സന്ദർശനം ഒക്ടോബർ മാസം തന്നെ പൂർത്തീകരിക്കുവാനും തീരുമാനിച്ചു.

പ്രാർത്ഥനാഗ്രൂപ്പ് രൂപത ഡയറക്ടർ ഫാ. ജോർജ് കുരിശുംമൂട്ടിൽ, കോ-ഓർഡിനേറ്റർ ജോൺസൺ കാനത്തിൽ, സെക്രട്ടറി സണ്ണി കടവിങ്കൽ, സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ചേർന്ന് എല്ലാ പ്രവർത്തനങ്ങൾക്കും പ്രാർത്ഥനാശുശ്രൂഷകൾക്കും നേതൃത്വം നൽകുന്നു.

---

# കേരള ലേബർ മൂവ്മെന്റ്

### *KLM 21/2020* സോണൽ ലീഡേഴ്സ് മീറ്റിംഗ്

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ സോണുകളിലെ ലീഡർമാരുടെ ഗൂഗിൾ മീറ്റ് നടത്തി. ലേബർ ബാങ്കിന്റെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനും കൂടുതൽ ആളുകളെ സർക്കാരിന്റെ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ അംഗങ്ങളായി ചേർക്കാനും തീരുമാനിച്ചു. ഹോം നേഴ്സിംഗ്, സെക്യൂരിറ്റി സ്റ്റാഫ് മിനിസ്ട്രികളുടെ പ്രവർത്തനം നല്ലനിലയിൽ പുരോഗമിക്കുന്നതായി വിലയിരുത്തി. താൽപര്യമുള്ള കൂടുതൽ ആളുകൾക്ക് തൊഴിലവസരങ്ങൾ ഒരുക്കുന്നതിന് ഇടവകതല പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനും തീരുമാനിച്ചു. സോണൽ തലത്തിൽ വിവിധ തൊഴിലാളി ഫോറങ്ങൾക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

### *KLM 22/2020* രൂപത നേതൃസംഗമം

കേരള ലേബർ മൂവ്മെന്റ് രൂപത നേതൃസംഗമം നവംബർ 8-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4.30 വരെ ഗൂഗിൾ മീറ്റ് വഴി ചേരും. രൂപത ഭാരവാഹികൾ, തൊഴിലാളി ഫോറം ഭാരവാഹികൾ എന്നിവർ പങ്കെടുക്കും.

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Kachiraparekudiyil Martin | **November** | 3 |
| Rev. Mgr. | Kanjirakombil Cherian | ” | 5 |
| Rev. Fr. | Kallidukkil Zacharias | ” | 5 |
| ” | Kunnathu Scaria | ” | 5 |
| ” | Punnamattathil Scaria | ” | 5 |
| ” | Varicattu Cherian | ” | 5 |
| ” | Kunnel Stanislaus | ” | 13 |
| ” | Pulprayil Stanley | ” | 13 |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് പിട്ടാപ്പിള്ളിൽ | ചരമദിനം | 01-12-1982 |
| ഫാ. സെബാസ്റ്റ്യൻ നീരോലിക്കൽ | ” | 04-12-1995 |
| ഫാ. മാത്യു കല്ലുങ്കൽ | ” | 11-12-2011 |
| ഫാ. ചെറിയാൻ വേരനാനി | ” | 13-12-1998 |
| ഫാ. സേവ്യർ ചുണ്ടാട്ട് | ” | 17-12-1994 |
| ഫാ. ജോർജ് പുത്തേട്ട് | ” | 20-12-2007 |
| ഫാ. തോമസ് തുടിയൻപ്ലാക്കൽ | ” | 23-12-2003 |
| ഫാ. സിറിയക് അമന്തുരുത്തിയിൽ | ” | 27-12-1990 |
| ഫാ. സേവ്യർ പാറങ്കിമാലിൽ | ” | 31-12-1998 |

# Priestly Jubilee Greetings






Fr. Joseph Nellikunnel



Fr. Joseph Nedumpuram





Fr. Francis Athickal



Fr. Paul Edathotty



Fr. Mathew Pothanamuzhi



Fr. George Kadukummackal

Deivarajyam November 2020

●R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/11/2020

●Posted at Thodupuzha Stg.

Annual Subscription ₹ 100.00

















Printed at Sanjo Offset Press, Kothamangalam

Printer & Publisher Rev. Dr. George Thekkekara

Bishop's House, Kothamangalam - 686 691